LIBRARY ARCHIVES Kerala Legislative Assembly

വിഴിഞ്ഞം തീരത്തുണ്ടായ മത്സ്യ ലഭ്യതക്കുറവ്

163 [929] ശ്രീ. ടി. എം. ജേക്കബ് :

,, ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തീരത്ത് ഈയിടെ മത്സ്യലഭ്യതയിൽ കുറവ് വന്നെന്ന റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) തമിഴ്നാട്ടിലെ സേതു സമുദ്രം പദ്ധതിയുടെ ഡ്രഡ്ജിംഗ് ആ മേഖലയിലെ മത്സ്യബന്ധനത്തിനെ ബാധിക്കുന്നുവെന്ന കണ്ടെത്തലിനെക്കുറിച്ച് സർക്കാരിന് അറിവുണ്ടോ ;

(ഡി) സേതു സമുദ്രം പദ്ധതി കേരള തീരത്ത് ഉയർത്തിയേക്കാവുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് സർക്കാരിന് എന്തെങ്കിലും അറിവുണ്ടോ ;

(ഇ) ഇതേക്കുറിച്ച് സമഗ്രപഠനം നടത്താൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സുമാനി, കടൽ മാക്രികളുടെ ആക്രമണം എന്നിവമൂലം മത്സ്യലഭ്യതയിൽ കുറവ് വന്നതായി പ്രാഥമിക അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു.

(സി) ഇല്ല.

(ഡി) പദ്ധതിയുടെ വിവിധ പ്രത്യാഘാതങ്ങളെപ്പറ്റി ഒരു പഠനം കേന്ദ്ര സമുദ്ര മത്സ്യഗവേഷണ കേന്ദ്രത്തിൽ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സേതു സമുദ്രം പദ്ധതിയ്ക്ക് മുമ്പാകെ CMFRI സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യം തീരുമാനിച്ചിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)